DESPATCHED On..26/2/2020

2/1/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 124(2)/2019**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **701**/എസ്.ഐ.സി-ജി 6/19)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

നെയ്യാറ്റിൻകര ശ്രീ.പി.നാഗരാജ്,
അഡ്വക്കേറ്റ്, അയ്യപ്പ നിവാസ്,
കോടതി സമുച്ചയത്തിന് എതിർവശം,
എസ്.ആർ.എ. –62, നെയ്യാറ്റിൻകര പി.ഒ.,
തിരുവനന്തപുരം – 695 121.

} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സിനിയർ സൂപ്രണ്ട്, ലാന്റ് ബോർഡ്,,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
ഡെപ്യൂട്ടി ഡയറക്ടർ, സർവ്വെയും ഭൂരേഖയും
വകുപ്പ്, സർവ്വെ ഡയറക്ടറുടെ കാര്യാലയം,
വഴുതക്കാട്, തിരുവനന്തപുരം – 1.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 24.09.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 08.10.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 06.11.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 10.12.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 16.01.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 16.01.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 20.09.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. നെയ്യാറ്റിൻകര പി. നാഗരാജ്, 16.01.2019ന് സമർപ്പിച്ച അപ്പീൽ ഹർജി അന്നേദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.124(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച അപ്പീലിനും യാതൊരു മറുപടിയും നൽകിയില്ലെന്നും ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 24.09.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, റവന്യൂ & കയർ വകുപ്പു മന്ത്രിയുടെ ഓഫീസിനു കീഴിൽ വരുന്ന ജീവനക്കാരിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ മാത്രം ജോലി ചെയ്തവരിൽ **unauthorised absence, indecent behaviour, drunkenness** എന്നീ കുറ്റങ്ങൾ ഒഴികെയുള്ള മറ്റു കുറ്റങ്ങൾക്ക് **(ie, corruption allegations)** മാത്രം 01.10.2017 മുതൽ 30.09.2018വരെ മാത്രം **issue** ചെയ്ത **suspension order** ന്റെയും **inspection report** ന്റെയും പകർപ്പ് നൽകണമെന്നും തുടങ്ങി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്. ആയതിന് 08.10.2018ന് നൽകിയ മറുപടിയിൽ 28.09.2018ന് ടി ഓഫീസിൽ ലഭ്യമായ അപേക്ഷയിലെ ചോദ്യം 2ൽ ടി കാര്യാലയത്തിലെ ഫയലിൽ ലഭ്യമായിട്ടുള്ള 1, 2, 4 ഉപചോദ്യങ്ങളിലെ വിവരങ്ങൾ ലഭ്യമാകുന്നതിന് പേജൊന്നിന് 2/- രൂപ നിരക്കിൽ 64 പേജിന് 129/- രൂപ ഒടുക്കി ചെലാൻ ഹാജരാക്കണമെന്നാണ്. ടി മറുപടിയിൽ തൃപ്തനാകാതെ 06.11.2018ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 10.12.2018ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപ്പീലും ഒന്നാം എതിർകക്ഷി നൽകിയ മറുപടിയും പരിശോധിച്ചതിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്ന ചോദ്യം നമ്പർ 1ൽ ഉപചോദ്യങ്ങൾ 1, 2, 3, 4 എന്നിവയുടെ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാലും അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട് ശിക്ഷ നൽകിക്കൊണ്ടുള്ള ഉത്തരവുകളും അനുബന്ധ വിവരങ്ങളും വ്യക്തിപരമായ

വിവരങ്ങളുമായി ബന്ധപ്പെട്ടവയായതിനാലും ഒരു തൊഴിൽ ദായകനും തൊഴി ലാളിയും തമ്മിലുള്ള ബന്ധത്തിന്റെ ഭാഗമായതിനാലും സർവ്വീസ് ചട്ടങ്ങളാണ് ഇവയ്ക്ക് ബാധകമാകുന്നത് എന്നതിനാലും വ്യക്തിഗത വിവരങ്ങൾ വെളിപ്പെടു ത്തുന്നത് സംബന്ധിച്ച് പൊതുതാല്പര്യം ഇല്ലാത്തതുമാണെന്നും മാത്രമല്ല ആയത് വ്യക്തിയുടെ സ്വകാര്യതയിന്മേലുള്ള കടന്നു കയറ്റത്തിന് കാരണമാകു മെന്നതിനാലും വിവരാവകാശ നിയമം വകുപ്പ് 8(1)(j) യുടെ നിർവ്വചനത്തിന്റെ പരിധിയിൽപ്പെട്ട വിവരങ്ങളായതിനാലാണ് വ്യക്തമായ മറുപടി നൽകിയിട്ടുള്ള തെന്നും ഒന്നാം എതിർകക്ഷി നൽകിയതിൽ കൂടുതൽ വിവരങ്ങൾ നൽകാൻ നിർവ്വാഹമില്ലെന്നും അറിയിച്ച് അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും റിപ്പോർട്ടും പരിശോധിച്ച തിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേ ക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്നു കമ്മീഷനു ബോധ്യ മാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, കൈമാറിക്കി ട്ടിയ അപേക്ഷയാണെന്നും 29.09.2018നാണ് ടി അപേക്ഷ ലഭിച്ചതെന്നും അച്ചടക്ക നടപടി സംബന്ധിച്ചാണ് വിവരങ്ങൾ ആവശ്യപ്പെട്ടിരുന്നതെന്നും ആയത് നൽകാൻ നിർവ്വാഹമില്ലെന്ന് അറിയിച്ചുവെന്നുമാണ്. മാത്രമല്ല ഹർജിക്കാരന്റെ അപേക്ഷയിലെ ചോദ്യം നമ്പർ 1 ഉപചോദ്യങ്ങൾ 1, 2, 3, 4 എന്നിവ പ്രകാരം ആവശ്യപ്പെട്ട വിവരങ്ങൾ തികച്ചും സ്വകാര്യ വിവരങ്ങളാണെന്നും ആയത് വെളി പ്പെടുത്തുന്നത് ജീവനക്കാരുടെ വ്യക്തി ജീവിതത്തിലേയ്ക്കുള്ള കടന്നുകയറ്റ ത്തിന് കാരണമാകുമെന്നും ആയതിനാൽ ടി വിവരങ്ങൾ നൽകേണ്ടതില്ല എന്നു മാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയും റിപ്പോർട്ടും അംഗീകരിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ജനുവരി 02-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/

STATE INFORMATION COMMISSION THIRUVANANTHAPURAM